7. പ്യൂൺ - 1

(ബി) 1999 ഏപ്രിൽ ഒന്നിനുശേഷം ഗസറ്റഡ് തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(സി) റെയിഞ്ചോഫീസർ തസ്തികയിലേക്ക് ശ്രീ. പി. പാപ്പച്ചൻ, ബി. രവീന്ദ്രൻനായർ, ടി. ശ്രീധരൻ, വി. മുരളീധരൻപിള്ള എന്നീ ഡെപ്യൂട്ടി റെയിഞ്ചർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. യു.ഡി. ക്ലാർക്ക്, ഫോറസ്റ്റർ, തസ്തികകളിലേയ്ക്ക് അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വാങ്ങിയിരുന്നു.

(ഇ) ഈ തസ്തികകൾ പ്ലാനിൽപ്പെടുത്തിയാണ് സൃഷ്ടിച്ചിട്ടുള്ളത്.

53 (345) ബാംബു വർക്കേഴ്സ് യൂണിയൻ നൽകിയ നിവേദനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ബാംബു വർക്കേഴ്സ് യൂണിയൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എന്തെങ്കിലും നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിവേദനം കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ വിശദമായ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ച ക്ഷേമനിധി പ്രവർത്തനം ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിലാളികളുടെ പെൻഷൻ സംബന്ധിച്ച് ഇതിൽ പ്രത്യേകം വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബാംബു കോർപ്പറേഷനുമായി ബന്ധപ്പെട്ട ഈറ്റ, പനമ്പ് തൊഴിലാളികൾക്ക് ഇ.എസ്.ഐ. ബാധകമാക്കിയിട്ടില്ല. വനങ്ങളിൽ നിന്നും സീനിയറേജ് നിരക്കിൽ ഈറ്റ ശേഖരിക്കുന്നതിന് ഇപ്പോൾ ഈറ്റത്തൊഴിലാളികൾക്ക് പാസ് നൽകി വരുന്നു.

54 (346) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം

ശ്രീ. വി. ബാലറാം :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly